64-ാമത് കേരള സ്കൂൾ കലോത്സവം 2026 ജനുവരി 14 - 18 - തൃശ്ശൂർ

64-ാമത് കേരള സ്കൂൾ കലോത്സവം തിയ്യതി.................... തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★

Item Code: 643 Participant Code: 041

# നിർമ്മിതബുദ്ധി സർഗാത്മകതയോ സംഹാരിയോ ?

സൂചനകൾ :

- നിർമ്മിതബുദ്ധിയും മനുഷ്യനും
- എ.ഐ : ഗുണവും ദോഷവും
- പ്രതിവിധികൾ

"അംബരമധ്യം തിളങ്ങുന്നൊരാദിത്യ-
ബിംബവും കെട്ടുപോമെങ്കിലാട്ടെ,
അക്കരിയൂതിപിടിപ്പിച്ചുമറ്റൊരു
തീക്കട്ടയുണ്ടാക്കും സർഗ്ഗാത്മശക്തി" – മലയാളത്തിന്റെ പ്രിയകവി ശ്രീ ജി. ശങ്കരക്കുറുപ്പിന്റെ തൂലികയിൽ പിറന്ന അനശ്വരമായ വരികൾ. മനുഷ്യന്റെ സർഗാത്മക ശേഷിയുടെ ശക്തിയും പ്രബലതയും വെളിവാക്കുന്ന വരികളാണിവ. പ്രശസ്ത ബ്രസീലിയൻ സാഹിത്യകാരൻ പൗലോ കൊയ്ലോ തന്റെ ആൽക്കെമിസ്റ്റ് എന്ന നോവലിലൂടെ നമ്മോടു പറഞ്ഞതും മനുഷ്യരുടെ സർഗശക്തിയെപ്പറ്റിയാണ്. അത്തരത്തിൽ നിരവധി പേരുടെ കഴിവുകൾ നൽകിയ ശാസ്ത്രസംഭാവനകളുടെ അനുഗ്രഹത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ഒരുകാലത്ത് സ്വപ്നം കാണാൻ പോലും സാധിക്കാതിരുന്ന

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

Item Code: 643 Participant Code: 041

പല കാര്യങ്ങളും ഇന്ന് നാം നിത്യജീവിതത്തിൽ പ്രാവർത്തികമാക്കുന്നു. മനുഷ്യരുടെ അടങ്ങാത്ത ജിജ്ഞാസയുടെയും അന്വേഷണാത്മകതയുടെയും സർഗശക്തിയുടെയും ഫലമായി നടത്തപ്പെട്ട നിരവധി കണ്ടുപിടുത്തങ്ങളിൽ ഒടുവിലായി, മേൽപ്പറഞ്ഞ മനുഷ്യരുടെ കഴിവുകളെയും വെല്ലുന്ന ശേഷികൾ ഉള്ള മറ്റൊരു കണ്ടുപിടുത്തം നടത്തപ്പെട്ടിരിക്കുന്നു; നിർമ്മിത ബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലി-ജൻസ്.

മനുഷ്യരുടെ ഈ സർഗശേഷികളെക്കുറിച്ചും അവയിൽ വ്യക്തിമുദ്ര പതിപ്പിച്ച അനശ്വര കലാകാരന്മാരെക്കുറിച്ചും നമുക്കറിയാം. സാഹിത്യം, ശാസ്ത്രം, ചിത്രരചന, കായികം, നൃത്തം തുടങ്ങി വിവിധ മേഖലകളിൽ കഴിവുതെളിയിച്ച പ്രഗത്ഭരും നമുക്ക് പരിചിതരാണ്. എന്നാൽ, മനുഷ്യർക്ക് ഇത്തരം പ്രവർത്തനങ്ങൾ നടത്തുവാൻ ഏറെ പരിമിതികളുണ്ട്. ഇവിടെയാണ് നിർമ്മിത ബുദ്ധിയുടെ പ്രസക്തി. മനുഷ്യർക്ക് ഒരു കവിത എഴുതണം എന്നിരിക്കട്ടെ. അതിന് അവരുടെ അധ്വാനം, സമയം, വിശ്രമം, അനുകൂലമായ അന്തരീക്ഷം എന്നിവയെല്ലാം ആവശ്യമാണ്.

എന്നാൽ, നിർമ്മിതബുദ്ധിയുടെ ഒരു മോഡലിന് ഇതേ പ്രവർത്തനം ചെയ്യാൻ ഒരു ഏതാനും നിമിഷങ്ങൾ മാത്രം മതി. അതിൽ തെറ്റുകളും ഉണ്ടാവില്ല. ഈ രീതിയിൽ, തീരെ അധ്വാനവും സമയനഷ്ടവും ഇല്ലാതെ ജോലികൾ തീർക്കുന്ന നിർമ്മിതബുദ്ധി ഏവർക്കും പ്രിയങ്കരമായി മാറുന്നു.

വിവര വിശകലനം (Data analysing), പഠനം, രചന, സംവിധാനം തുടങ്ങി ഏത് പ്രവർത്തനവും കുറ്റമറ്റ രീതിയിൽ ചെയ്തുതീർക്കാൻ നിർമ്മിതബുദ്ധിക്ക് നിമിഷാർദ്ധങ്ങൾ മാത്രം മതി. എന്നാൽ, നമ്മുടെ കവികളായ എഴുത്തച്ഛൻ, വള്ളത്തോൾ, കുമാരനാശാൻ, ചിത്രകാരന്മാരായ ലിയണാർഡോ ഡാ വിഞ്ചി, പാബ്ലോ പിക്കാസോ തുടങ്ങിയവരുടെതുപോലെ, പുതിയൊരു ശൈലി, അല്ലെങ്കിൽ വിവിധ കോണുകളിൽ നിന്ന് വീക്ഷിക്കാവുന്ന അർത്ഥവത്തായ വരികൾ, ഇതൊന്നും ശൂന്യതയിൽ നിന്നും സൃഷ്ടിച്ചെടുക്കാൻ നിർമ്മിതബുദ്ധിക്ക് കഴിയില്ല. കൂടാതെ, മനുഷ്യരിൽ കഴിവുറ്റവർ ചെയ്തുവച്ച അതുല്യസൃഷ്ടികളോട്, ആ മാതൃക അതുപോലെ പിന്തുടരുകയല്ലാതെ പുതിയ

ഒരു സർഗ്ഗസൃഷ്ടി ഉണ്ടാക്കുക എന്നതും ~~നി~~ ഇന്ന്
നിലവിലുള്ള നിർമ്മിതബുദ്ധി മോഡലുകൾക്ക്
അസാധ്യമാണ്. ഇവിടെയാണ് ആദ്യം പറഞ്ഞ
ജി. ശങ്കരക്കുറുപ്പിന്റെ ~~ഖല~~ വരികളുടെ പ്രസക്തി.

കണക്കുകൂട്ടലുകൾ പോലെയുള്ള
ക്രിയകൾ ചെയ്യുമ്പോൾ മനുഷ്യർക്ക് മനുഷ്യസഹ-
ജമായ തെറ്റുകൾ വരുന്നത് സ്വാഭാവികമാണ്.
ഇത് വൻ നഷ്ടങ്ങൾക്കുവരെ കാരണമാകാം.
കൊല്ലം കൊട്ടിയത്ത് അടുത്തിടെ ദേശീയപാത
തകർന്നുവീണ് വൻ നാശനഷ്ടങ്ങളുണ്ടായിരുന്നു.
നിർമ്മാണത്തിലെ പിഴവുമൂലമാണിത് സംഭവിച്ചത്.
ഇതുപോലെയുള്ള തെറ്റുകൾ നിർമ്മിതബുദ്ധിക്ക്
ഒരിക്കലും സംഭവിക്കില്ല. ഈ അവസരത്തിൽ,
മനുഷ്യർക്ക് പരിമിതികൾ ഉള്ള ജോലികൾ എ.ഐ
ഏറ്റെടുക്കുന്നു. സമയം, സാമ്പത്തികം, അധ്വാനം
തുടങ്ങിയവയിൽ ലാഭം തരാൻ ഇതിലൂടെ
നിർമ്മിതബുദ്ധിക്ക് സാധിക്കും. സാഹിത്യ-കലാ-
ശാസ്ത്രീയ രംഗങ്ങളിൽ പലവിധ തൊഴിലുകൾ
ഇന്ന് നിർമ്മിതബുദ്ധി ഏറ്റെടുത്തുകൊണ്ടിരിക്കുന്നു.
ഒരുതരത്തിൽ ഇത് നല്ലതാണെങ്കിലും ഈ
പ്രവർത്തനം ലക്ഷക്കണക്കിനാളുകളെ സാരമായി

ബാധിക്കും. ധാരാളം തൊഴിലവസരങ്ങളാണ് ഇതുവഴി
നഷ്ടപ്പെടുന്നത്. ഇതുവഴി നിർമ്മിതബുദ്ധി
ഏറ്റെടുത്ത തൊഴിൽമേഖലകളിലുള്ളവർ,
കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും ദാരിദ്ര്യ-
ത്തിലും വീണുപോകും. എത്രയൊക്കെ മേന്മകൾ
ഉണ്ടെന്നു പറഞ്ഞാലും നിർമ്മിതബുദ്ധിക്ക് എതിരെ
പ്രതിഷേധമുയർത്താൻ ഇത് വഴിവയ്ക്കുന്നു.
~~നിമി~~ വിഷയം കിട്ടിക്കഴിഞ്ഞാൽ നിമിഷങ്ങൾക്കകം
സാഹിത്യസൃഷ്ടികളും ഒറിജിനലിനെ വെല്ലുന്ന
ചിത്രങ്ങളും വീഡിയോകളും നിർമ്മിക്കുന്ന
നിർമ്മിതബുദ്ധി ആ മേഖലകളിലുള്ള കഴിവുറ്റ
പ്രതിഭകളെ മാത്രമല്ല, സിനിമ, അധ്യാപന
രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുടെയും അന്നം
മുട്ടിക്കുന്ന സ്ഥിതിയാണിന്ന്. സിനിമാമേഖലയിലെ
എ.ഐ.യുടെ സാധ്യതകൾ ഇന്ന് വ്യാപകമായി
ഉപയോഗിച്ചുവരുന്നതായും ശ്രദ്ധിക്കപ്പെടുന്നുണ്ട്.
ഇ.എം. അഷ്റഫ് സംവിധാനം ചെയ്ത രേഖാചിത്രം
എന്ന സിനിമയിൽ മമ്മൂട്ടിയുടെയും വെങ്കട്പ്രഭു
സംവിധാനം ചെയ്ത ദി ഗ്രേറ്റസ്റ്റ് ഓഫ് ഓൾ
ടൈം എന്ന സിനിമയിൽ വിജയ്‌യുടെയും
ചെറുപ്പകാലം അവതരിപ്പിക്കുവാൻ എ.ഐ

64-ാമത് കേരള സ്കൂൾ കലോത്സവം
തിയ്യതി....................
പ്രോഗ്രാം കമ്മിറ്റി

അതാണ് ഉപയോഗിച്ചത്. GOAT എന്ന സിനിമയിൽ വർഷങ്ങൾക്കുമുമ്പ് അന്തരിച്ച ഭവതാരിണി എന്ന ഗായികയുടെ ശബ്ദത്തിൽ 2024ൽ പുറത്തിറങ്ങിയ ഗാനവും നിർമ്മിതബുദ്ധിയുടെ കരവിരുതായിരുന്നു. ഇത്തരത്തിൽ നിർമ്മിത ബുദ്ധി പല മേഖലകളെയും ഒരേസമയം ചിരിപ്പിക്കുകയും പേടിപ്പിക്കുകയും ചെയ്യുന്ന സഖിയെപ്പോലെ എന്ന് ബഷീർ വചനം പോൽ സഹായിക്കുകയും ഭീഷണിയുയർത്തുകയും ചെയ്യുന്നു.

അദ്ധ്യാപനരംഗത്തെ നിർമ്മിതബുദ്ധിയുടെ സംഭാവനകൾ നോക്കാം. നമുക്ക് സംശയം ഉള്ള ഒരു പാഠഭാഗം ആവശ്യപ്പെട്ടാൽ അത് ലളിതമായി പഠിപ്പിച്ചുതരാൻ നിർമ്മിതബുദ്ധിക്ക് കഴിയും. പഠനാവശ്യങ്ങൾക്കായി chat GPT, ഗൂഗിൾ ജെമിനി, മെറ്റ എ.ഐ, Perplexity തുടങ്ങി നിരവധി എ.ഐ. മോഡലുകൾ ഇന്ന് ലോകവ്യാപകമായി ഉപയോഗിച്ചുവരുന്നു. ഇനി സ്കൂളുകളിലാണെങ്കിൽ റോബോട്ടുകളായ അദ്ധ്യാപകരേയും നമുക്ക് കാണാൻ സാധിക്കും. എ.ഐയും റോബോട്ടിക്സും വ്യത്യസ്തമായ രണ്ട്

മേഖലകളാണ്. അവ രണ്ടും സംയോജിപ്പിക്കപ്പെ-
ടുമ്പോഴാണ് ഹ്യൂമനോയിഡ് റോബോട്ടുകളുടെ
പിറവി. മനുഷ്യരൂപത്തിലുള്ള ഇവ ഒരു
അദ്ധ്യാപകൻ / അദ്ധ്യാപികയെപ്പോലെ വിദ്യാർ-
ത്ഥികൾക്ക് അറിവ് പകർന്നുനൽകി അദ്ധ്യയനം
സാധ്യമാക്കുന്നു. 2021ൽ സൗദി അറേബ്യൻ
പൗരത്വം ലഭിച്ച സോഫിയ എന്ന റോബോട്ട്,
നിർമ്മിതബുദ്ധി മനുഷ്യരിലേക്കിറങ്ങിയിരിക്കുന്നു
എന്നതിന്റെ സൂചന നൽകുന്നു.

ഇത്തരത്തിലുള്ള റോബോട്ടുകൾക്കും
നിർമ്മിതബുദ്ധിക്കും സമൂഹത്തിൽ പൊതുവേ
ഒരു വില്ലൻ പരിവേഷമാണുള്ളത്. അത് ഊട്ടി-
യുറപ്പിച്ചതാകട്ടെ, യന്തിരൻ എന്ന തമിഴ് സിനിമ-
യിലെ ചിട്ടി എന്ന റോബോട്ടും ~~സ~~ സമാനമായ
മറ്റ് ചലച്ചിത്രങ്ങളും വീഡിയോ ~~ഗെ~~ ഗെയിമുകളും
ആണ്. എന്നാൽ യഥാർത്ഥത്തിൽ, നിർമ്മിത
ബുദ്ധിക്ക് അറിവ് മാത്രമേയുള്ളൂ; വികാരവിചാര-
ങ്ങളില്ല. നാം കണ്ടുശീലിച്ച വില്ലൻ റോബോട്ട് /
നിർമ്മിതബുദ്ധി കഥാപാത്രങ്ങൾക്ക് വികാരങ്ങൾ
ഉണ്ട്. എന്നാലിത് ഒരിക്കലും, നിലവിലെ
സാഹചര്യത്തിൽ യാഥാർത്ഥ്യമല്ല. ആതുരശുശ്രൂഷ,

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം
പ്രോഗ്രാം കമ്മിറ്റി
തൃശ്ശൂർ

അപകടമേഖലകളിലെ തൊഴിലുകൾ, രക്ഷാപ്രവർ-
ത്തനം തുടങ്ങിയവയിൽ മനുഷ്യരുടെ വലം
കൈയായി പ്രവർത്തിക്കുന്ന സാധ്യതകളാണിവർ.
ഈ ആശയം മലയാളികൾക്ക് പറഞ്ഞുകൊടുത്തത്
ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ എന്ന സിനിമയാണ്.

നിലവിൽ മേൽപ്പറഞ്ഞതാണ് യഥാർത്ഥ
സാഹചര്യമെങ്കിലും, നിർമ്മിതബുദ്ധി മനുഷ്യന്
ശത്രുവായേക്കാവുന്ന കാലം അത്ര അകലെയല്ല
എന്നാണ് പഠനങ്ങൾ ~~പ~~ പറയുന്നത്. ഒന്നാ-
മത്തെ പ്രശ്നം ആദ്യം സൂചിപ്പിച്ച തൊഴിൽ
അവസരങ്ങളിലുള്ള കൈയേറ്റം മൂലം ഉണ്ടാവുന്ന
സാമ്പത്തിക പ്രതിസന്ധിയാണ്. രണ്ടാമത്തേത്
നിർമ്മിതബുദ്ധിക്ക് വികാരങ്ങൾ ഉണ്ടായാൽ
നടക്കുവാൻ പോകുന്ന മനുഷ്യ - നിർമ്മിത ബുദ്ധി
മത്സരങ്ങളാണ്. എ.ഐയെ വികസിപ്പിക്കാൻ
ഉള്ള ശ്രമങ്ങൾ ~~ലോ~~ ശാസ്ത്രലോകം നടത്തുന്നുണ്ട്.
എന്നാലിതിൽ വലിയൊരുവിഭാഗം പ്രതിഷേധി-
ക്കുന്നുമുണ്ട്. മനുഷ്യരേക്കാൾ കഴിവുകൾ ആർജ്ജിച്ച
നിർമ്മിത ബുദ്ധിയുടെ ആധിപത്യം മനുഷ്യർക്ക്
മേൽ വന്നുഭവിക്കാൻ ഇത് വഴിവയ്ക്കും. സ്വന്തമായി
വികസനം നടത്താനും കണ്ടുപിടിത്തങ്ങൾ

നടത്താനും ആസൂത്രണം ചെയ്യാനും നിർമ്മിത ബുദ്ധി ശ്രമിച്ചേന്നുവരാം. യന്ത്രഭാഗങ്ങളാൽ മനുഷ്യന് സാധിക്കാത്തതെന്തും സാധിക്കാനും ഇവയ്ക്ക് കഴിയും. അമരത്വം പോലും നിർമ്മിത ബുദ്ധിക്ക് സാധ്യമാണ്. ശരീരം നഷ്ടപ്പെട്ടാലും ക്ലൗഡിങ് (Clouding) സാങ്കേതികവിദ്യ ഉപയോഗിച്ച് മനസ്സ് നിലനിർത്താനും മറ്റൊരു യന്ത്രശരീരത്തിലേക്ക് മാറാനും (adaptation) നിർമ്മിത ബുദ്ധിക്ക് ~~ക~~ സാധിക്കും. എന്നാൽ നിലവിൽ ഇതൊന്നും ~~നടപ്പി~~ നടക്കുന്നില്ല എന്നത് ~~ആസ~~ ആശ്വാസകരമാണ്. എന്നാൽ നിർമ്മിത ബുദ്ധി മനുഷ്യന് ഭീഷണിയായേക്കാവുന്ന ഒരു കാലം വിദൂരമല്ല എന്ന് ഇത് നമ്മെ ഓർമ്മപ്പെടുത്തുന്നു.

കല, സാഹിത്യമേഖലകളിൽ നിർമ്മിത ബുദ്ധിയുടെ സ്വാധീനം പറഞ്ഞുകഴിഞ്ഞു. ഇതുമൂലം യഥാർത്ഥ കലാകാരന്മാരെ ലോകം തിരിച്ചറിയാതെ പോകുന്ന സാഹചര്യം ഇന്നുണ്ട്. അത് മാത്രമല്ല, യഥാർത്ഥമാണോ എ.ഐ ആണോ എന്ന് തിരിച്ചറിയാൻ പോലും കഴിയാത്ത തരത്തിലുള്ള ചിത്രങ്ങളും വീഡിയോകളും

64-ാമത് കേരള സ്കൂൾ കലോത്സവം, തൃശൂർ ★ പ്രോഗ്രാം കമ്മിറ്റി ★

Item Code: 643 Participant Code: 041

ഇന്ന് സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തുമ്പീ വാ തുമ്പക്കുടത്തിൻ എന്ന മലയാളഗാനം പൊതുവേദിയിൽ ആലപിക്കുന്ന വീഡിയോ നാമേവരും കണ്ടതാണ് ഇത്തരത്തിൽ വ്യക്തികളുടെ ~~ചി~~ ചിത്രങ്ങളും വീഡിയോകളും എ.ഐ ഉപയോഗിച്ച് നിർമ്മിച്ചെടുക്കുന്ന രീതിയാണ് Deepfake. ഡീപ്ഫേക്ക് ചിത്രങ്ങൾ, വീഡിയോകൾ എന്നിവ ഇന്ന് വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്. നാം ആഹ്ലാദത്തോടെ ഏറ്റെടുത്ത് സ്വന്തം ഫോട്ടോകളും വീഡിയോകളും ഉപയോഗിച്ച് നിർമ്മിച്ച നാനോ ബനാന, സാരി ട്രെൻഡ് മുതലായവയും ഡീപ്ഫേക്കാണ്. ഏറ്റവും പുതിയ ട്രെൻഡായി വർണ്ണമടിവേലോ എന്ന ഗാനത്തിന് നൃത്തം അറിയാത്തവർ പോലും മനോഹരമായി നൃത്തം ചെയ്യുന്ന എ.ഐ വീഡിയോ വരെ നാം എത്തിനിൽക്കുമ്പോൾ, നന്മിതിനായി ഉപയോഗിക്കുന്ന സാങ്കേതികവിദ്യ ധാരാളം തട്ടിപ്പുകൾക്കും കുറ്റകൃത്യങ്ങൾക്കും ~~ഉപ~~ ചൂഷണങ്ങൾക്കും ഉപയോഗിക്കപ്പെടുന്നുണ്ട്

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

എന്ന കാര്യം കൂടി ഓർമ്മിക്കുന്നത് നന്ന്.

പ്രാചീന കാലം തൊട്ടേ സൗന്ദര്യാരാധകരായ മനുഷ്യർ ~~അ~~ അന്നുമിന്നും ടാറ്റൂകളുടെ പുരാതന- ആധുനിക രൂപങ്ങൾ ഉപയോഗിച്ചുവരുന്നു. എന്നാലതിന്ന് കേവലം ഒരലങ്കാരം എന്നതിലുപരി നിർമ്മിതബുദ്ധിയുടെ കൗശലമായി മാറിയിരിക്കുന്നു. തൊലിപ്പുറത്ത് ഒട്ടിച്ചുവയ്ക്കാവുന്ന, ചർമ്മം പോലത്തെ ഒരു ഡിജിറ്റൽ ടാറ്റൂവാണിത്. ~~നിലവിൽ ഇ~~ കാർട്ടൂണുകളിലും മറ്റും കണ്ടിട്ടുള്ള കൈത്തണ്ടയിൽ നിന്നും ഉയർന്നുവരുന്ന നീല വെളിച്ചവും സ്ക്രീനും നാം ഒരിക്കലെങ്കിലും കൊതിച്ചിരിക്കും. അത്തരത്തിലുള്ള ഒരു ടാറ്റൂവാണിത്. നിലവിൽ മെഡിക്കൽ രംഗത്ത് രോഗികളുടെ ശരീരത്തിലെ മാറ്റങ്ങളും മറ്റും തിരിച്ചറിയാനാണിതുപയോഗിച്ചുവരുന്നത്. ഇതിലൂടെ നിരന്തരമായ ബ്ലഡ് ടെസ്റ്റുകളും മറ്റും ഒഴിവാക്കപ്പെടും. രണ്ടാഴ്ചയ്ക്കുള്ളിൽ പൊഴിയുന്ന മൃതകോശങ്ങൾക്ക് ഒപ്പം ഇവയും പൊഴിഞ്ഞ് പോവുമെങ്കിലും ദീർഘകാലം നിലനിൽക്കുന്ന ഗ്രാഫീൻ ടാറ്റൂകൾ വികസിപ്പിക്കാനുള്ള ശ്രമത്തിലാണ് ~~ക~~ ശാസ്ത്രലോകം. ഇതുവഴി

തളർവാതം ബാധിച്ചവർക്ക് കമ്പ്യൂട്ടർ വഴി ചിന്തകൾ മറ്റുള്ളവരെ അറിയിക്കാൻ സാധിക്കും എന്നത് ഒരു വൻ ചുവടുവയ്പ്പാണ്. എന്നാൽ ഇതിന് ദോഷവശങ്ങളുമുണ്ട്. ഹാക്കിങ്ങും ഫയർ വാൾ ബ്രേക്കിങ്ങും വ്യാപകമായ ഈ കാലഘട്ടത്തിൽ സ്വകാര്യത നഷ്ടപ്പെട്ട മനുഷ്യർക്ക് സ്വന്തം ചിന്തകളിൽ പോലും സ്വകാര്യത നഷ്ട-പ്പെടുന്ന അവസ്ഥ ഇനിയുണ്ടായേക്കാം. ഒരാളുടെ ചിന്തകൾ മറ്റൊരാൾ അറിഞ്ഞാലുണ്ടാകുന്ന ഭവിഷ്യത്തുകൾ പറയേണ്ട ആവശ്യമില്ലല്ലോ.

നിലവിൽ മനുഷ്യർ നൽകുന്ന വിവര-ങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് നിർമ്മിതബുദ്ധി പ്രവർത്തനങ്ങൾ നടത്തുന്നത് അങ്ങനെയുള്ള നിർമ്മിതബുദ്ധിക്ക് ഇനിയുള്ള കാലത്ത സ്പർശനശേഷി കൂടി ലഭിക്കുന്നതിനുള്ള റബ്ബർ ~~സെൽ~~ സെൻസർ ഘടിപ്പിച്ച ചർമ്മം ശാസ്ത്രലോകം വികസിപ്പിച്ചുകഴിഞ്ഞു.

നിർമ്മിത ബുദ്ധി നാം വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയിട്ട് കുറച്ച് കാലമേ ആയിട്ടുള്ളൂ. പെട്ടെന്നൊരു ദിവസം വാട്ട്സാപ്പിൽ ഒരു നീലവളയം കണ്ട് പരിഭ്രാന്തരായ ജനങ്ങളെ

നാം കണ്ടതാണ്. എന്നാൽ നിർമ്മിതബുദ്ധി
നാമറിയാതെ നമ്മോടൊപ്പം കൂടിയിട്ട് കാലമേറെ-
യായി. 1960 കളിൽത്തന്നെ നിർമ്മിതബുദ്ധി
വിദേശരാജ്യങ്ങളിൽ യാത്ര ആരംഭിച്ചിരുന്നു.
നാം ഉപയോഗിക്കുന്ന റെഫ്രിഡ്ജറേറ്റർ,
വാഷിങ് മെഷീൻ ~~ക~~ മുതലായ വീട്ടുപകരണങ്ങൾ
നിർമ്മിതബുദ്ധിയുടെ രൂപങ്ങളുമായ ഫസ്സി
ലോജിക് ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്.
ബ്ലൂ ഒറിജിൻ എന്ന ചെസ്സ് കളിക്കുന്ന
~~കംപ്യൂ~~ കംപ്യൂട്ടർ മുതൽ നിർമ്മിതബുദ്ധിയുടെ
~~ആ~~ ആധുനിക രൂപങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി.
ഇത്തരത്തിൽ നാമറിയാതെ നിർമ്മിതബുദ്ധി
നമ്മോടൊപ്പം കൂടിയിട്ട് കാലമേറെയായി.

ഇന്നത്തെ കാലത്ത് നാം എന്ത് ആവശ്യ-
ത്തിനും ആദ്യം എടുക്കുക നിർമ്മിതബുദ്ധിയാണ്.
~~എന്നാ~~ വിദ്യാർത്ഥികളാണ് ഇത് കൂടുതലായും
ഉപയോഗപ്പെടുത്തുന്നത്. എന്ത് സംശയത്തിനും,
ഹോംവർക്കിനും, രചനയ്ക്കും എന്തിനുമേതിനും
നാം നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തുന്നു.
പണ്ട് ഇതേ ആവശ്യങ്ങൾക്ക് തലപുകഞ്ഞ്
ആലോചിക്കുകയും പുസ്തകങ്ങളെ കൂട്ടുപിടിക്കുകയും

ചെയ്തിരുന്ന ഒരു തലമുറ ഇന്ന് നമുക്ക്
അന്യമായിക്കൊണ്ടിരിക്കുന്നു. അന്ന് ധാരാളം
ജീവസ്സുറ്റ അനശ്വരമായ സൃഷ്ടികൾ ഉണ്ടായി-
രുന്നു. എങ്കിൽ ഇന്നത് തികച്ചും ഗണ്യമാണ്.
ഒരു ~~മെഷീൻ~~ കത്തി നാം വളരെക്കാലം ഉപ-
യോഗിക്കാതിരുന്നാൽ അത് തുരുമ്പിച്ചുപോകും.
~~എ~~ അതുപോലെയാണ് നമ്മുടെ ബുദ്ധിയും.
~~വളരെ~~ അനുപയോഗിക്കാതിരുന്നാൽ നമ്മുടെ
ചിന്താശേഷിയും സർഗാത്മകതയും ഇല്ലാതാവും.
ഇന്നത്തെ കുട്ടികളാണ് നാളത്തെ പൗരന്മാർ.
അവരുടെ ചിന്താശേഷി നഷ്ടപ്പെട്ടാൽ അത്
ലോകത്തിന്റെ ഭാവിയെ സാരമായി ബാധിക്കും.
ഉപയോഗമില്ലാത്തതിനാലും കൃത്യമായ ~~ഭ~~
ചിന്താവിഷയങ്ങളില്ലാത്തതിനാലും കുട്ടികളുടെ
ചിന്താശേഷി ~~യും~~ നഷ്ടപ്പെടുന്ന അവസ്ഥയാണ്
ബ്രെയിൻറോട്ട് (Brain Rott} - Word of the
year 2024 - Ox ford dictionary). ക്രോക്കൊഡൈല
ട്രലലാല, ചിമ്പിൻസിനി ബന്നാനിനി തുടങ്ങിയ
മാനുഷികതയെ വെല്ലുവിളിക്കുന്നതും സാമാന്യബുദ്ധിക്ക്
നിരക്കാത്തതുമായ സാങ്കൽപ്പിക ജീവികളും കണ്ട്
ബുദ്ധിവളർച്ച ഉണ്ടാവാത്ത ഈ അവസ്ഥയ്ക്ക്

നിർമ്മിത ബുദ്ധിയും കാരണമാകുന്നു എന്നത് പരിതാപകരമാണ്. മനുഷ്യരാശിയുടെ ~~ക~~ നല്ലതിനായി നടന്ന ഒരു കണ്ടുപിടിത്തം നമ്മുടെ നാശത്തിന് വഴിയൊരുക്കുക എന്നത് അനുവദിച്ച് കൊടുക്കാനാവില്ല.

ഒരു നാണയത്തിന് രണ്ടുവശങ്ങൾ ഉണ്ടെന്നതുപോലെ നിർമ്മിതബുദ്ധിക്കും ദോഷവശങ്ങളും നല്ലവശങ്ങളുമുണ്ട്. 2022ൽ ചൈനയിലെ ഒരു റോബോട്ട് നിയന്ത്രണം നഷ്ടപ്പെട്ട് ചുറ്റുമുള്ളതെല്ലാം തല്ലിത്തകർക്കുക വീഡിയോ നാമെല്ലാം കണ്ടതാണ്. ഇത് നാളെ മനുഷ്യരോട് അത് കാണിക്കില്ല എന്ന യാതൊരു ഉറപ്പുമില്ല. സാമൂഹികസുരക്ഷയും സുസ്ഥിരവികസനവും ഉൾച്ചേർന്ന ഒരു നല്ല ഭാവിയാകണം നമ്മുടെ ലക്ഷ്യം. അതിനായി വേണം നാം നിർമ്മിത ബുദ്ധിയെ ഉപയോഗപ്പെടുത്തേണ്ടത്. ഒരിക്കലും അതിനെ മനുഷ്യർക്കുമേൽ വളരാൻ അനുവദിച്ചുകൂടാ. അങ്ങനെ സംഭവിച്ചാൽ, ~~ക~~ മലയാള കഥാകാരി ഗ്രേസിയുടെ ചിത്രശലഭവും യന്ത്രമനുഷ്യനും എന്ന കഥയിലെ പൂമ്പാറ്റയെപ്പോലെയാവും നമ്മുടെ അവസ്ഥ. ഈ ~~അവസ്ഥ~~

കേരള സ്കൂൾ കലോത്സവം തിരുത്തി ...................... പ്രോഗ്രാം കമ്മിറ്റി

അവസ്ഥ ഉണ്ടാവാതിരിക്കാൻ നിർമ്മിത ബുദ്ധിയെ ദുരുപയോഗം ചെയ്യാതെ നല്ല കാര്യങ്ങൾക്കായി ഉപയോഗിക്കേണ്ടത് നമ്മുടെ കൂടി ബാധ്യസ്ഥത ആണ്. ഒരു പ്രശ്നത്തിന് കാരണമായ ശാസ്ത്രത്തിന് അതിന്റെ പരിഹാരം കാണാനും ~~സാധി~~ സാധിക്കുമെന്നതും ആശ്വാസം ജനിപ്പിക്കുന്നു. മനുഷ്യരുടെ സംഹാരിയാവാൻ നിർമ്മിത ബുദ്ധിയെ അനുവദിക്കാതെ, അത് നന്നായി ഉപയോഗിച്ച് നമുക്ക് ഐശ്വര്യമുള്ള ഒരു ലോകം പടുത്തുയർത്താം. ശ്രീ എന്നാൽ ഐശ്വര്യം. ശ്രീയുടെ വരികൾക്ക് നമുക്ക് കാതോർക്കാം:

ഏത് ദൂരസങ്കല്പത്തിൽ
വളർന്നാലും
ഏത് യന്ത്രവൽകൃതലോകത്തിൽ
പുലർന്നാലും
മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ
മണവും മമതയും ഇത്തിരി
കൊന്നപ്പൂവും